112 (1715) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മാനേജീരിയൽ കേഡറിലുള്ള ഉദ്യോഗസ്ഥർ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മാനേജീരിയൽ കേഡറിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ട്;

(ബി) ഇവർക്ക് ശമ്പളം, ടി.എ., ഡി.എ. എന്നീ ഇനങ്ങളിൽ ഈ സാമ്പത്തികവർഷം എന്തു തുക ചെലവാക്കി;

(സി) സംസ്ഥാനത്തിനു പുറത്ത് ഈ കാലയളവിൽ കോർപ്പറേഷന്റെ എത്ര ഉദ്യോഗസ്ഥർ ഔദ്യോഗിക സന്ദർശനം നടത്തിയിട്ടുണ്ട്;

(ഡി) ഇവർക്ക് ഓരോരുത്തർക്കും എന്തു തുക വീതം ടി.എ. ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്?

ഉത്തരം

(എ) 168 ഉദ്യോഗസ്ഥന്മാർ ഉണ്ട്.

(ബി) 1,38,94,521/- രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ഈ കാലയളവിൽ മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ എന്നിവർ രണ്ടു പ്രാവശ്യവും, കമ്പനി സെക്രട്ടറി, അഡീഷണൽ ജനറൽ മാനേജർ (കോമേഴ്സ്) എന്നിവർ ഓരോ പ്രാവശ്യവും സംസ്ഥാനത്തിനു പുറത്ത് സന്ദർശനം നടത്തിയിട്ടുണ്ട്.

(ഡി) മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ, സെക്രട്ടറി, അഡീഷണൽ ജനറൽ മാനേജർ (കോമേഴ്സ്) എന്നിവർക്ക് യഥാക്രമം 53,092/-, 39,053/-, 4,146/-, 4,150/- രൂപ വീതം ടി.എ., ഡി.എ. ഇനത്തിൽ ചെലവായിട്ടുണ്ട്.

113 (1716) മിൽമാ ഡയറക്ടർ ബോർഡ്

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമാ ഡയറക്ടർ ബോർഡിന്റെ കാലാവധി എന്നുവരെ ആയിരുന്നു;

(ബി) പുതിയ ബോർഡ് രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് നടത്തിയോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ബോർഡു രൂപീകരണത്തിനുള്ള തെരഞ്ഞെടുപ്പ് എപ്പോൾ നടത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫെഡറേഷൻ : തുടർച്ചയായി ഭരണസമിതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മേഖലാ യൂണിയനുകൾ :

മലബാർ മേഖലാ യൂണിയൻ - ഭരണസമിതി നിലവിലുണ്ട്.

എറണാകുളം മേഖലാ യൂണിയൻ,

തിരുവനന്തപുരം മേഖലാ യൂണിയൻ - 30.6.99 ന് കാലാവധി അവസാനിച്ചു.

(ബി)&(സി) ഇല്ല. തിരുവനന്തപുരം മേഖലാ യൂണിയനിലും എറണാകുളം മേഖലാ യൂണിയനിലും യഥാസമയം തെരഞ്ഞെടുപ്പ് നടത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിലും ഭരണസമിതിയിലേയ്ക്ക് മത്സരിക്കുന്ന സംഘം പ്രസിഡന്റുമാരുടെ യോഗ്യതയെ സംബന്ധിക്കുന്ന കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നതിനാൽ യഥാസമയം നടത്താൻ സാധിക്കാതെ വന്നു.

(ഡി) 3.12.99-ൽ ഹൈക്കോടതിയുടെ അന്തിമ ഉത്തരവനുസരിച്ച് തിരുവനന്തപുരം മേഖലാ യൂണിയനിലേയ്ക്കും എറണാകുളം മേഖലാ യൂണിയനിലേയ്ക്കും ഉള്ള ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പിന് തീരുമാനം ആയിട്ടുണ്ട്. ഇതനുസരിച്ച് എറണാകുളം മേഖലാ യൂണിയനിലേയ്ക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് 28.1.2000 ലും തിരുവനന്തപുരം മേഖലാ യൂണിയനിലേയ്ക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് 13.2.2000 ലും നടത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

114 (1717) പ്രൊവിഷണൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗസംരക്ഷണവകുപ്പിൽ പ്രൊവിഷണൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുകയോ പി.എസ്.സി. നിയമനത്തിന് സംവരണം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) എൽ.എസ്.ഐ. മാരുടെ നിയമനത്തിന് ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക് നിലവിൽ സംവരണം ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സംവരണ കാറ്റഗറിയിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരുടെ അഭാവം ഉണ്ടായാൽ പ്രസ്തുത സംവരണ സീറ്റുകൾ പ്രൊഫഷണൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്. സർക്കാർ ഉത്തരവ് നമ്പർ പി. 104/93/എ.ഡി. തീയതി 4.5.93 പ്രകാരം ആകെ ഒഴിവുകളിൽ 75% നേരിട്ടുള്ള നിയമനത്തിനായി മാറ്റി

LIBRARY ARCHIVES Kerala Legislative Assembly